(ജി) 80 മെഗാവാട്ട് വിദ്യുച്ഛക്തി ഉൽപാദിപ്പിക്കുന്നതിനും 43195 ഏക്കർ (17488 ഹെക്ടർ) സ്ഥലത്ത് ജലസേചനസൗകര്യം നൽകുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(എച്ച്) ഈ പദ്ധതിയുടെ ജലസേചനവിഭാഗത്തിന്റെ ക്ലിയറൻസിനാണ് ചോദിച്ചത്. 1994-ൽ കേന്ദ്ര ജലകമ്മീഷന് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിൻമേൽ കേന്ദ്ര ജലകമ്മീഷൻ ചില ഭേദഗതികൾ ഉന്നയിച്ചിരുന്നു. ഭേദഗതികൾ പരിഹരിച്ച് പരിഷ്ക്കരിച്ച പ്രോജക്ട് റിപ്പോർട്ട് 2000 ഏപ്രിൽ മാസത്തിൽ കേന്ദ്ര ജലകമ്മീഷന് നൽകുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് കേന്ദ്ര ജലകമ്മീഷന്റെ പരിഗണനയിലാണ്.

(ഐ) ക്ലിയറൻസ് കിട്ടിയിട്ടില്ല. ഇത് ഇപ്പോഴും കേന്ദ്ര ജലകമ്മീഷന്റെ പരിശോധനയിലാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പിന്നോക്ക സമുദായക്ഷേമ വകുപ്പിന്റെ പ്രവർത്തനം

1 (149) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പിന്നോക്ക സമുദായക്ഷേമ വകുപ്പ് രൂപീകരിച്ചു കൊണ്ട് ഉത്തരവായത് എന്നാണ് ;

(ബി) ഈ വകുപ്പിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 16-10-1999-ൽ.

(ബി) ഇല്ല.

(സി) ഇല്ല. ഈ വകുപ്പിന്റെ പ്രവർത്തനം തുടങ്ങുന്നതിനുവേണ്ടി, ഇക്കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി ശ്രീ. അയ്യപ്പൻ, ഐ.എ.എസ്സിനെ സ്പെഷ്യൽ ആഫീസറായി നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് വേണ്ടുന്ന നടപടി സ്വീകരിക്കുന്നതാണ്.

പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

2 (150) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ഡോ. കെ. സി. ജോസഫ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly